LIBRARY ARCHIVES Kerala Legislative Assembly

പോലെതന്നെ ക്വാളിറ്റിയുടെ കാര്യത്തിലായാലും മറ്റ് പല കാര്യങ്ങളിലും ഓഫീസി ലുള്ള ഡിലേ ഒഴിവാക്കുന്നതിനുവേണ്ടി ഒരു റിവ്യൂ എല്ലാ മാസവും നടത്തി വർക്കു കൾ സ്പീഡപ്പ് ചെയ്താലേ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്ന രീതിയിൽ വർക്കുകൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് വളരെ സ്പീഡിൽ കാര്യങ്ങൾ നടത്തുന്നതിനുവേണ്ടി എല്ലാ മാസവും റിവ്യൂ നടത്തിയാൽ നന്നായിരിക്കും. വേറെ വലിയൊരു താമസം വരുന്നത് ടെണ്ടർ കമ്മിറ്റിയുടെ താമസമാണ്. ടെണ്ടർ കമ്മിറ്റി അംഗീകരിക്കുന്നതായ വർക്കുകളുടെ ഓർഡർ താഴെത്തട്ടിലേയ്ക്ക് പോയാൽ തിരികെ വരാൻ രണ്ടും മൂന്നും മാസം എടുക്കുന്നുണ്ട്. ആ കാലതാമസം ഒഴിവാക്കുന്നതി നുള്ള ഏതെങ്കിലും സംവിധാനം ഉണ്ടാകണം എന്ന് വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ഈ ബില്ലിനെ ഞാൻ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു. ................(ബഹളം)..................

മി. ഡെപ്യൂട്ടി സ്പീക്കർ: കഴിഞ്ഞു. അദ്ദേഹത്തിന്റെ പ്രസംഗം കഴിഞ്ഞു.

# VIII. ക്രമപ്രശ്നം

## ഉദ്യോഗസ്ഥ ഗ്യാലറിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അഭാവം

ശ്രീ. സി. പി. മുഹമ്മദ്: സർ, ബഡ്ജറ്റിനെ സംബന്ധിച്ചുള്ള ചർച്ചയാണ്, മുഖ്യമന്ത്രിയുടെ ഡേ ആണ്. ശ്രീ. റ്റി. യു. കുരുവിളയെപോലെയുള്ള ഒരു മുൻമന്ത്രി പി. ഡബ്ല്യു. ഡി. -യുടെ ഒരുപാട് കാര്യങ്ങൾ പറഞ്ഞു. 2001-ൽ ഞാൻ ഈ നിയമ സഭയിൽ അംഗമായിവന്ന സമയംതൊട്ട് പൊതുഭരണത്തിന്റെ ചർച്ചയിൽ സാധാരണ ചീഫ് സെക്രട്ടറിയും പൊതുഭരണ സെക്രട്ടറിയും ഒഫിഷ്യൽ ഗ്യാലറിയിൽ ഉണ്ടാകും. ഇവിടെ അദ്ദേഹം ഇത്രയും ഗൗരവപ്പെട്ട കാര്യങ്ങൾ പറഞ്ഞു. പൊതു മരാമത്ത് വകുപ്പുമന്ത്രിയില്ല, ആരും അത് കുറിച്ചെടുക്കുന്നുമില്ല. ഒരു ഉദ്യോഗ സ്ഥനും ഉത്തരവാദപ്പെട്ട ഒരു സെക്രട്ടറിയും ഒഫിഷ്യൽ ഗ്യാലറിയിൽ ഇല്ല. ഇത് കേൾക്കേണ്ട വകുപ്പിന്റെ ചാർജ് വഹിക്കുന്ന മുഖ്യമന്ത്രിയുമില്ല. ധനകാര്യ വകുപ്പു മന്ത്രി ഉണ്ട്. അദ്ദേഹത്തിന് മുഖ്യമന്ത്രിയിൽ വിശ്വാസമില്ലെന്ന് കേരളീയ ജനസമൂഹ ത്തിന്റെ മുമ്പിൽ തെളിയിച്ചതുമാണ്. അതുകൊണ്ട് ഈ കാര്യത്തിൽ ശക്തമായ റൂളിംഗ് വേണം. ഈ നിയമസഭയിൽ കഴിഞ്ഞ ബഡ്ജറ്റിലും ഈ ബഡ്ജറ്റിലു മൊക്കെ ഇത് തുടർന്നുവരികയാണ്.

### റൂളിംഗ്

മി. ഡെപ്യൂട്ടി സ്പീക്കർ: സാധാരണ ഉദ്യോഗസ്ഥൻമാർ ഉണ്ടാകണമെന്നുള്ളത് സഭയുടെ കീഴ്വഴക്കമാണ്. നിർബന്ധമായും ഉണ്ടായിരിക്കണം. ബഹുമാനപ്പെട്ട നാല് മന്ത്രിമാർ ഇവിടെയുണ്ട്. ഇവിടെ ഇത്രനേരം ഉണ്ടായിരുന്നുവെന്നാണ് മനസ്സി ലാക്കുന്നത്. ആ വിവരം അന്വേഷിക്കാം. നിർബന്ധമായും ഉദ്യോഗസ്ഥൻമാർ ഇത്ത രത്തിൽ ചർച്ച നടക്കുമ്പോൾ ഉണ്ടാവേണ്ടതാണ്. .....(ബഹളം)...... അതിന് അടുത്ത നടപടി എന്താണെന്ന് നമുക്ക് വേറെ പരിശോധിക്കാം. അടുത്ത നടപടി പരിശോധി ക്കണം. അല്ലാതെ ഇങ്ങനെ സ്ഥിരമായ റൂളിംഗ് പോയിട്ട് കാര്യമില്ല. കക്ഷിനേതാ ക്കളുടെ യോഗത്തിലെങ്കിലും തീരുമാനം എടുത്തിട്ട് പരിശോധിക്കാം.